## 1. ആമുഖം

### (i) പശ്ചാത്തലം

ഈജിപ്തിൽ ഉടലെടുത്ത ഇഖ്‌വാനുൽ മുസ്‌ലിമൂൻ, ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഉദയംചെയ്ത ജമാഅതെ ഇസ്‌ലാമി തുടങ്ങിയ ആധുനിക ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങൾ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും ആമൂലാഗ്രം ചൂഴ്ന്നുനില്ക്കുന്ന സമഗ്രവും സമ്പൂർണവുമായ ജീവിത വ്യവസ്ഥയായി ഇസ്‌ലാമിനെ പുനരവതരിപ്പിച്ചു. അതിലൂടെ രാഷ്ട്രീയം, സാമ്പത്തികം, സാമൂഹികം, സാംസ്കാരികം, നിയമം, വിദ്യാഭ്യാസം തുടങ്ങി സകലതിനെയും ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ പുനർവായിക്കാനും പുനർനിർമിക്കാനുമുള്ള ആഹ്വാനമാണ് അവ മുഴക്കിയത്. ഇത് ഇസ്‌ലാമിക ചിന്താ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉളവാക്കി. അങ്ങനെ, ഇസ്‌ലാമിക രാഷ്ട്രീയ സിദ്ധാന്തവും ഇസ്‌ലാമിക ധനതത്ത്വശാസ്ത്രവും ഇസ്‌ലാമിക ചരിത്ര ദർശനവും ഇസ്‌ലാമിക നിയമവും കലയും സാഹിത്യവും സൗന്ദര്യ ദർശനവും ഇസ്‌ലാമിക സാമൂഹിക ശാസ്ത്രവും നരവംശ ശാസ്ത്രവും മുതൽ ഇസ്‌ലാമിക ജേർണലിസവും ഇസ്‌ലാമിക സിനിമയും ഇസ്‌ലാമിക ബാങ്കും വരെ പ്രസ്തുത വിചാര വിപ്ലവത്തിന്റെ ഫലമായി ഉടലെടുക്കുകയും ചെയ്തു.

ഇസ്‌ലാമിക സാഹിത്യത്തിനും കലയ്ക്കും വേണ്ടി ഇസ്‌ലാമിക നവോത്ഥാന നായകന്മാർ സവിശേഷം ആഹ്വാനം നടത്തിയിരുന്നു. ഇസ്‌ലാമിനെ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും പുനഃപ്രതിഷ്ഠിക്കാനുള്ള വാഞ്ഛക്ക് പുറമേ ഇതിന് അവരെ പ്രേരിപ്പിച്ച മറ്റു ചില സംഗതികൾ കൂടിയുണ്ടായിരുന്നു.

ഒന്ന്: ശക്തമായ ആശയവിനിമയ മാധ്യമമെന്ന നിലക്ക് കലയ്ക്കും സാഹിത്യത്തിനും സമൂഹത്തിലുള്ള സ്വാധീനത്തെക്കുറിച്ച തിരിച്ചറിവ് ഇസ്‌ലാമിന്റെ സന്ദേശ പ്രചാരണത്തിന് ഈ മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തി.

രണ്ട്: പാശ്ചാത്യ ചിന്താധാരകളും തജ്ജന്യമായ അനിസ്‌ലാമിക പ്രവണതകളും ഇസ്‌ലാമിക സമൂഹങ്ങളിലേക്ക് കടന്നുവന്നുകൊണ്ടിരുന്നത് മുഖ്യമായും കലാ സാഹിത്യ മാധ്യമങ്ങളിലൂടെ ആയിരുന്നു. ഇതിനെതിരായ ഒരു ചെറുത്തുനില്പ് എന്ന നിലയ്ക്ക് ഇസ്‌ലാമിക സാഹിത്യത്തെ ഉയർത്തിക്കൊണ്ടുവരേണ്ടത് ആവശ്യമായിത്തീർന്നു.

മൂന്ന്: പുരോഗമന സാഹിത്യമെന്ന പേരിൽ സാഹിത്യ കലാ മാധ്യമങ്ങളിലൂടെ മാർക്സിസ്റ്റ്-സോഷ്യലിസ്റ്റ് ആശയ പ്രചാരണത്തിനുള്ള സംഘടിത നീക്കങ്ങൾ മിക്ക മുസ്‌ലിം രാജ്യങ്ങളിലും ശക്തിപ്രാപിച്ചിരുന്നു. പുരോഗമന സാഹിത്യ പ്രസ്ഥാനക്കാർക്ക് 'കല കലയ്ക്ക് വേണ്ടി'യായിരുന്നില്ല. ആശയ പ്രചാരണം തന്നെയായിരുന്നു അവരെ സംബന്ധിച്ചേടത്തോളം അത്. കലാ സാഹിത്യങ്ങളെ ഇസ്‌ലാമിക ലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനുള്ള സമാന്തര സംരംഭങ്ങൾ ഇത് അനിവാര്യമാക്കിത്തീർത്തു.

ഈജിപ്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സ്ഥാപകനേതാവായ ശഹീദ് ഹസനുൽ ബന്നാ തുടക്കത്തിലേ ഇസ്‌ലാമിക സാഹിത്യത്തിന്റെയും കലയുടെയും പ്രാധാന്യം അനുയായികളെ തെര്യപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ സഹോദരനായ അബ്ദുർറഹ്മാനിസ്സാഅതിയുടെ നേതൃത്വത്തിൽ ഇഖ്‌വാൻ പ്രവർത്തകർ ഒരു നാടക സംഘം രൂപീകരിക്കുകയും ഇസ്‌ലാമിക ചരിത്രത്തിലെ ഒട്ടേറെ സംഭവങ്ങൾ നാടക രൂപം നല്കി അവതരിപ്പിക്കുകയുമുണ്ടായി. ഹസനുൽ ബന്നാക്ക് ശേഷം ഇഖ്‌വാന്റെ ഏറ്റവും വലിയ സൈദ്ധാന്തികനായിത്തീർന്ന ശഹീദ് സയ്യിദ് ഖുത്ബ് കഥാകൃത്ത്, നോവലിസ്റ്റ്, സാഹിത്യ വിമർശകൻ എന്നീ നിലകളിൽ ഈജിപ്ഷ്യൻ സാഹിത്യ മണ്ഡലത്തിൽ നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു. ഇഖ്‌വാനുൽ മുസ്‌ലിമൂനുമായി ബന്ധപ്പെട്ടതിന് ശേഷം സർഗ സാഹിത്യത്തിന് അദ്ദേഹത്തിൽനിന്ന് പുതിയ സംഭാവനകളൊന്നും ലഭിക്കുകയുണ്ടായില്ലെന്നത് ശരിയാണ്. ഇസ്‌ലാമിക നവോത്ഥാനത്തിന്റെ ദാർശനികവും വൈജ്ഞാനികവുമായ അടിത്തറയായിരിക്കേണ്ട ഗ്രന്ഥങ്ങളുടെ രചനക്കു വേണ്ടി തന്റെ തൂലികാ വൈഭവം പൂർണമായി അർപ്പിക്കപ്പെട്ടതായിരുന്നു അതിനൊരു കാരണം. തീപ്പൊരി ചിതറിയ ആ തൂലികയെ ഭയപ്പെട്ട ഭരണകൂടം തൂക്കുകയറിൽ അതിന് പെട്ടെന്നൊരു അന്ത്യം കുറിച്ചതും അനിതര സാധാരണമായ ആ പ്രതിഭയിൽനിന്ന് ഇസ്‌ലാമിക സാഹിത്യത്തിന്റെ ചൈതന്യവത്തായ മാതൃകകൾ പിൻതലമുറക്കു ലഭിക്കാതെ പോയതിന് കാരണമായിട്ടുണ്ടാകാം. എങ്കിലും തന്റെ മറ്റു ഗ്രന്ഥങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ഇസ്‌ലാമിക സാഹിത്യ തൽപരർക്ക് പ്രചോദനവും മാർഗ വെളിച്ചവുമേകുന്നതിൽ സയ്യിദ് ഖുത്ബ് വഹിച്ച പങ്ക് അവിസ്മരണീയമാണ്. വിശേഷിച്ചും *ഫീ ളിലാലിൽ ഖുർആൻ* (*ഖുർആന്റെ തണലിൽ*), *അത്തസ്‌വീറുൽ ഫന്നി ഫിൽഖുർആൻ* (ഖുർആനിലെ കലാചിത്രീകരണം) തുടങ്ങിയ കൃതികളിലൂടെ വിശുദ്ധ ഖുർആന്റെ സാഹിത്യ ഭംഗിയിലേക്ക് പുതിയൊരു ഉൾക്കാഴ്ചയോടെ തിരിഞ്ഞുനോക്കാൻ പുതിയ തലമുറയ്ക്ക് അദ്ദേഹം പ്രചോദനമേകി. മാത്രമല്ല, പ്രപഞ്ചം, മനുഷ്യൻ, ജീവിതം എന്നിവയെ സംബന്ധിച്ചുള്ള തനതായ ഇസ്‌ലാമിക സങ്കല്പങ്ങൾ സമകാലികമായ ഭാഷയിലും ശൈലിയിലും അദ്ദേഹം പകർന്നു കൊടുക്കുകയും ചെയ്തു. സയ്യിദ് ഖുത്ബിന്റെ സഹോദരനായ പ്രൊഫ. മുഹമ്മദ് ഖുത്ബ് വിശ്വപ്രശസ്തനായ ഒരു ഇസ്‌ലാമിക പണ്ഡിതൻ എന്നതിന് പുറമേ കവിയും അറബി സാഹിത്യ ലോകത്തിലെ വിശ്രുതനായ സാഹിത്യ വിമർശകനും കൂടിയാണ്. *മൻഹജുൽ ഫന്നിൽ ഇസ്‌ലാമി* (ഇസ്‌ലാമിലെ കലാസരണി) എന്ന അദ്ദേഹത്തിന്റെ പുസ്തകം ഇസ്‌ലാമിക സാഹിത്യത്തിൽ രചിക്കപ്പെട്ട ഏറ്റവും ശ്രദ്ധേയമായ കൃതിയാണ്. ഖുത്ബ് സഹോദരന്മാർ ഇസ്‌ലാമിക സാഹിത്യത്തെ സൈദ്ധാന്തികമായി അവതരിപ്പിച്ചപ്പോൾ, കഥകളിലൂടെയും നോവലുകളിലൂടെയും അതിന്റെ പ്രായോഗിക മാതൃകകൾ കാഴ്ചവെച്ചുകൊണ്ട് അവരുടെ സഹോദരി അമീനഃ ഖുത്ബ് നല്കിയ സംഭാവനകളും ഇവിടെ സ്മർത്തവ്യമാണ്.

സൈദ്ധാന്തികമായും പ്രായോഗികമായും ഇസ്‌ലാമിക സാഹിത്യത്തെ പരിപോഷിപ്പിച്ചവരിൽ മറ്റൊരു പ്രമുഖനാണ് ഡോ. നജീബ് കീലാനി. മഹാ കവി ഡോ. മുഹമ്മദ് ഇഖ്ബാലിന്റെ കവിതകളെക്കുറിച്ചുള്ള പഠനമാണ് അദ്ദേഹത്തിന്റെ പ്രഥമ കൃതി. പിന്നീട് 1950-കളിൽ *അൽഇസ്‌ലാമിയ്യതു വൽമദാഹിബുൽ അദബിയ്യഃ* (ഇസ്‌ലാമികതയും സാഹിത്യ സരണികളും) എന്ന കൃതി പ്രസിദ്ധീകരിച്ചു. സാഹിത്യത്തിന്റെ ഇസ്‌ലാമികവൽക്കരണത്തിലേക്ക് ഈ രണ്ട് കൃതികളിലൂടെയും അദ്ദേഹം സാഹിത്യ തൽപരരുടെ ശ്രദ്ധ ക്ഷണിച്ചു. പിന്നീട്, സൈദ്ധാന്തിക രചനകളെക്കാൾ ഇസ്‌ലാമിക സാഹിത്യത്തിന്റെ മാതൃകകൾ കാഴ്ചവെക്കുന്ന സർഗാത്മക രചനകളാണ് കാലഘട്ടം ആവശ്യപ്പെടുന്നത് എന്ന് മനസ്സിലാക്കി ആ രംഗത്ത് ശ്രദ്ധയുറപ്പിച്ച അദ്ദേഹം കഥ, കവിത, നോവൽ, നാടകം എന്നീ മേഖലകളിലായി

30–ഓളം കൃതികൾ രചിക്കുകയുണ്ടായി. 1980–കളിൽ പ്രസിദ്ധീകരിച്ച *അൽമദ്ഖലു ഇലൽഅദബിൽ ഇസ്‌ലാമി*(ഇസ്‌ലാമിക സാഹിത്യ പ്രവേശിക)യാണ് അദ്ദേഹത്തിന്റെ മറ്റൊരു സൈദ്ധാന്തിക രചന. നായക സങ്കല്പം, പ്രതിബദ്ധത, സൗന്ദര്യശാസ്ത്രം, മനശ്ശാസ്ത്രാപഗ്രഥനം, സിദ്ധിയും സാധനയും തുടങ്ങിയ ഒട്ടേറെ വിഷയങ്ങളെ ഇസ്‌ലാമിക സാഹിത്യവുമായി ബന്ധപ്പെടുത്തി ഇതിലദ്ദേഹം ചർച്ച ചെയ്യുന്നുണ്ട്. ഡോ. ഇമാദുദ്ദീൻ ഖലീലാണ് ഈ രംഗത്ത് ശ്രദ്ധേയനായ മറ്റൊരു വ്യക്തിത്വം. അദ്ദേഹത്തിന്റെ *അന്നഖ്ദുൽ ഇസ്‌ലാമിയ്യുൽ മുആസിർ* (സമകാലിക ഇസ്‌ലാമിക നിരൂപണം) എന്ന ഗ്രന്ഥം സാഹിത്യ നിരൂപണത്തിന്റെ ഇസ്‌ലാമിക രീതിശാസ്ത്രം വിവരിക്കുന്ന മികച്ച ഒരു കൃതിയാണ്. ഇതിനുപുറമേ നോവൽ, ചെറുകഥ, കവിത എന്നിവ മുഖേനയും അദ്ദേഹം ഇസ്‌ലാമിക സാഹിത്യത്തിന്റെ പരിപോഷണത്തിന് തന്റേതായ സംഭാവനകൾ നല്കിവരുന്നു. സഫീർ സ്വലാഹുദ്ദീനിസ്സൽജൂഖി, ഡോ. അബ്ദുർറഹ്മാൻ റഅ്ഫത് പാഷ, ഡോ. അഹ്മദ് ബസ്സാം സാഈ, ഉമർ അബീദ് ഹസൻ തുടങ്ങിയവരും വിവിധ നിലകളിൽ, ഇസ്‌ലാമിക സാഹിത്യം എന്ന ആശയത്തിന് പ്രചാരം നേടിക്കൊടുക്കാൻ ശ്രമിച്ചവരിൽ പ്രമുഖരാണ്.

അറബിയിൽ ഇസ്‌ലാമിക സാഹിത്യത്തിന്റെ പരിപോഷണത്തിന് ഇന്ത്യൻ പണ്ഡിതനായ മൗലാനാ അബുൽഹസൻ അലി നദ്‌വിയും ദാറുൽ ഉലൂം ലഖ്നൗവിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും നല്കിയ സംഭാവനകളും പ്രശംസാർഹമാണ്. ദാറുൽ ഉലൂമിൽനിന്ന് പ്രസിദ്ധീകരിക്കുന്ന *അൽബഅ്ഥുൽ ഇസ്‌ലാമി* എന്ന ത്രൈമാസികയിൽ തുടക്കം മുതലേ ഇസ്‌ലാമിക സാഹിത്യത്തിന് സ്ഥിരമായ ഒരു കോളം നീക്കിവെച്ചിരുന്നു. മൗലാനാ അബുൽഹസൻ അലി നദ്‌വിക്ക് പുറമേ മൗലാനാ റാബിഅ് ഹസൻ നദ്‌വി, മൗലാനാ വാദിഹ് റശീദ് നദ്‌വി, മൗലാനാ സൽമാൻ ഹുസൈനി നദ്‌വി തുടങ്ങിയവരുടെ സേവനങ്ങളാണ് ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടതായിട്ടുള്ളത്. ഇവർ മുൻകൈയെടുത്ത് 1980–കളുടെ തുടക്കത്തിൽ ദാറുൽ ഉലൂമിൽ വിളിച്ചുകൂട്ടിയ അന്താരാഷ്ട്ര ഇസ്‌ലാമിക സാഹിത്യ സെമിനാറാണ്, റാബിത്വതുൽ അദബിൽ ഇസ്‌ലാമി എന്ന അന്താരാഷ്ട്ര വേദിയുടെ രൂപീകരണത്തിലേക്ക് നയിച്ചത്. ഇന്ത്യക്ക് പുറമേ ഗൾഫ് രാജ്യങ്ങളിലും ബംഗ്ലാദേശ്, പാകിസ്താൻ, തുർകി, മൊറോക്കോ, സുഡാൻ തുടങ്ങിയ മറ്റു പല മുസ്‌ലിം രാജ്യങ്ങളിലും ഈ സംഘടനയ്ക്ക് ഇപ്പോൾ ശാഖകളുണ്ട്. റാബിത്വഃക്കു കീഴിൽ വിവിധ രാജ്യങ്ങളിലായി അരഡസനിലധികം അന്താരാഷ്ട്ര ഇസ്‌ലാമിക സാഹിത്യ സെമിനാറുകൾ ഇതിനകം സംഘടിപ്പിക്കപ്പെടുകയുണ്ടായി. അറബിയിൽ *അൽഅദബുൽ ഇസ്‌ലാമി* എന്ന പേരിൽ ഒരു ത്രൈമാസിക റാബിത്വഃ പുറത്തിറക്കുന്നുണ്ട്. ഇസ്‌ലാമിക സാഹിത്യത്തെ അന്താരാഷ്ട്ര തലത്തിൽ വാർത്താമാധ്യമങ്ങളിലും അക്കാദമിക വൃത്തങ്ങളിലും സജീവമായൊരു ചർച്ചാവിഷയമാക്കുന്നതിൽ റാബിത്വഃ വഹിച്ച പങ്ക് വലുതാണ്. റാബിത്വഃയുടെ ഇന്ത്യൻ ശാഖയ്ക്ക് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ഉപശാഖകളുണ്ട്. ഈയിടെ അതിന്റെ കീഴിൽ *കാരവാനെ അദബ്* എന്ന പേരിൽ ഒരു ഉർദു പത്രികയും പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നു. മൗലാനാ അബുൽഹസൻ അലി നദ്‌വി മരിക്കുന്നത് വരെയും അദ്ദേഹമായിരുന്നു റാബിത്വതുൽ അദബിൽ ഇസ്‌ലാമിയുടെ അധ്യക്ഷൻ. ഇസ്‌ലാമിക ലോകത്ത് അദ്ദേഹത്തിനുള്ള ആദരവ് റാബിത്വഃയുടെ വളർച്ചയിൽ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. ഇസ്‌ലാമിക സാഹിത്യത്തിന്റെ ആധികാരിക സൈദ്ധാന്തികൻമാരിലൊരാളായിട്ടാണ് നദ്‌വി ഗണിക്കപ്പെടുന്നത്. തദ്വിഷയകമായി, *അൽഅദബുൽ ഇസ്‌ലാമി ഫിക്റതുഹു വ മൻഹജുഹു, നള്റാതുൻ ഫിൽഅദബ്* തുടങ്ങിയ കൃതികളുടെ കർത്താവ് കൂടിയാണദ്ദേഹം.